

# ഗുരുവിനെ തിരിച്ചറിയുക



photo: rajesh chalode



ശിവദാസൻ എ.കെ

ഉപദേശങ്ങളും പ്രഭാഷണങ്ങളും കേൾക്കാത്തവരായി ആരുമുണ്ടാകില്ല. ലോകം മുഴുവൻ പല ഭാഷയിൽ പല നാടുകളിൽ അത് വ്യാപിച്ചിരിക്കുന്നു. മനുഷ്യനുണ്ടായ കാലം മുതൽക്കേ ഇവയും ഉണ്ടായിരിക്കാം. എണ്ണമറ്റ സാംസ്കാരിക നായകർ, മതനേതാക്കൾ, രാഷ്ട്രീയ നേതാക്കൾ എല്ലാവരും പ്രസംഗിച്ചുകൊണ്ടേയിരിക്കുന്നു. അല്ലെങ്കിൽ എഴുതികൊണ്ടേയിരിക്കുന്നു. അഴിമതി ഒഴിവാക്കേണ്ടതിനെക്കുറിച്ചും,സത്യസന്ധത പാലിക്കേണ്ടതിനെക്കുറിച്ചുമെല്ലാം അവർ പറയുന്നു. വേദഗ്രന്ഥങ്ങളെ ആസ്പദമാക്കി സമാധാനം നിലനിർത്തേണ്ടതിനെക്കുറിച്ച് ആത്മീയചാര്യൻമാർ പറയുന്നു. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ മനുഷ്യരോടാണ് ഇവർ സംസാരിച്ചുകൊണ്ടേയിരിക്കുന്നത്. എന്നിട്ടും മതങ്ങളുടെ പേരിൽ അനസ്യൂതം കൊലകളുണ്ടാകുന്നു.അധികാരത്തിന്റെ ഇടനാഴികളിൽ അഴിമതിയും സ്വജനപക്ഷപാതവും പെരുകുന്നു. ആരാണ് ലോകത്ത് ഏറ്റവും കൂടുതൽ അഴിമതി നടത്തുന്നത്? ആരാണ് മതത്തിന്റെയും വംശത്തിന്റെയും പേരിൽ സഹജീവിയെക്കൊല്ലാൻ ഗൂഢാലോചന നടത്തുന്നത്? ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യരാണോ? തീർച്ചയായും ജനക്കൂട്ടം ഓരോ പ്രവർത്തികളിലും പ്രത്യക്ഷമായോ,പരോക്ഷമായോ ഇടപെടുന്നുണ്ട്.പക്ഷേ, അത് സ്വമേധയാ അല്ല. അവർ നയിക്കപ്പെടുകയാണ്. കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ട ബുദ്ധിയില്ലാത്തവരാണ് കുഴപ്പങ്ങൾക്ക് നേതൃത്വം നൽകുന്നത് എന്ന് വിശ്വസിക്കുന്നവരുണ്ട്. ഒരു സാധാരണ കർഷകനൊ, കൈത്തൊഴിലാളിയോ ലോകത്തൊരിടത്തും അനാവശ്യമായ അക്രമങ്ങൾക്ക് നേതൃത്വം നൽകിയിട്ടില്ല. കൂടുതൽ ബുദ്ധിയുള്ളവരാണ് ഇത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നത്. അവർ സാമ്രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളുണ്ടാക്കുന്നു. അവർ വംശീയതയോ, മതപരമായ വിഭാഗീയതകളോ പെരുപ്പിക്കുന്നു. അവർ കംപ്യൂട്ടർവൈറസുകളുണ്ടാക്കുന്നു. അവർ രാഷ്ട്രീയ കപടനാടകങ്ങളിലൂടെ അധികാരം കയ്യാളുന്നു. എന്നിട്ടും അവർ ബഹുഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യരെ മതത്തിന്റെ പേരിൽ രാഷ്ട്രീയത്തിന്റെ പേരിൽ സർവ്വസംഗതികളുടെയും പേരിൽ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത് നിലനിൽക്കുന്ന അസമാധാനത്തിന്റെ പ്രധാന ഹേതു ഇതെല്ലാം ഉപദേശിക്കുന്നവരിൽ ഭൂരിപക്ഷവും സ്വയം അത് അനുസരിക്കുന്നില്ല എന്നത് തന്നെയാണ്. മഹാനായ ഗുരുവിന് ജനങ്ങളെ സ്വാധീനിക്കാവുന്നതു പോലെത്തന്നെ കപടനാട്യക്കാരനായ ഒരാൾക്കും അത് സാധിക്കും. ആളുകൾ അവരെ പിന്തുടരുക മാത്രമാണ്.

യഥാർത്ഥ ഗുരു ആരുടെയും വിധേയത്വം അവകാശപ്പെടുന്നില്ല. അത് ചോദ്യം ചെയ്യപ്പെടാത്ത ഉത്തരമല്ല. അത് നമ്മെ സ്വയം ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുകയും ഉത്തരങ്ങളിലേക്കെത്താൻ സഹായിക്കുകയും ചെയ്യുന്നു. നമ്മിലെ കനലൂതിക്കത്തിക്കുകയാണത്. ഏതെങ്കിലുമൊരാൾ നമ്മളോട് പൂർണ്ണമായ വിധേയത്വം ആവശ്യപ്പെടുന്നുവെങ്കിൽ നാം പിൻതുടരുന്നത് യഥാർത്ഥഗുരുവിനെ ആയിരിക്കില്ല. അത്തരം അനുയായികളാണ് വിശ്വാസത്തിന്റെ പേരിൽ കുട്ടികളെപ്പോലും വധിക്കുന്നത്. പ്രത്യയശാസ്ത്രത്തിന്റ പേരിൽ മാത്രം കൊലകൾ നടത്തുന്നത്. ജനാധിപത്യത്തിന്റെ നീതിബോധത്തെ മാനിക്കാത്ത വിനാശകാരികളായ ആൾക്കൂട്ടങ്ങളാകുന്നത്. ജീവിതത്തിന്റെ സൗന്ദര്യം ചർച്ച ചെയ്യാത്ത ഒരു വിശ്വാസസംഹിതയ്ക്കും പ്രത്യയശാസ്ത്രത്തിനും നമുക്ക് സമാധാനം നൽകാനാവില്ല എന്നതാണ് സത്യം. ശരിയായ പാതയിലൂടെ സഞ്ചരിക്കുന്നവർ മാത്രമേ ശരിയായ ലക്ഷ്യങ്ങളിലെത്തിയിട്ടുള്ളൂ. വഴിതെറ്റുന്നവരെല്ലാം ജീവിതത്തെയും, വിധിയെയും പഴിച്ച് സ്വയമൊടുങ്ങുകയാണ്. യഥാർത്ഥ ഗുരുവിനെ തിരിച്ചറിയുന്നതിലൂടെ മാർഗ്ഗവും, ലക്ഷ്യവും ബോദ്ധ്യപ്പെടുകയാണ്. ഭഗവാൻ ബുദ്ധന്റെ പരിനിർവ്വാണശേഷം രാജഗൃഹത്തിൽ തങ്ങിയ ആനന്ദഭിക്ഷുവിനോട് നിങ്ങളുടെ സംഘത്തിന്റെ നേതാവാര് എന്ന് ചോദിക്കുന്നുണ്ട്. 'ഭഗവാൻ ഞങ്ങൾക്ക് നേതാവായി വിനയത്തിനു വേണ്ട നിയമങ്ങൾ തന്നിരിക്കുന്നു' എന്നദ്ദേഹം മറുപടി പറയുകയുണ്ടായി. 'ആരാണോ നിയമലംഘനം നടത്തുന്നത് അയാളത് സ്വയം തിരുത്തുന്നു'. ഇങ്ങനെയല്ലാതാവുമ്പോൾ സംഘത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുകയാണ്. ന്യായമായ വിശ്വാസസംഹിതകൾക്കായി സ്വജീവിതത്തെ പണയപ്പെടുത്തുന്ന എത്രയോ മഹാനേതാക്കൻമാർ നമുക്ക് ചുറ്റുമുണ്ട്. അവർക്ക് അനുയായികൾ കുറവായിരിക്കാം. അനുയായികളുടെ ദൗർബ്ബല്യങ്ങളെ തൃപ്തിപ്പെടുത്തുന്നവരല്ല യഥാർത്ഥനേതാക്കൾ. വിശ്വസിക്കാവുന്ന നേതാക്കളുണ്ടാകുന്നിടത്തേ അനുയായികൾ വിജയിച്ചിട്ടുള്ളൂ. അല്ലെങ്കിൽ നേതാക്കൾ മാത്രം വിജയിക്കുകയും അനുയായികൾ തോറ്റുകൊണ്ടുമിരിക്കും.നമ്മെ വിജയിപ്പിക്കുന്ന ഗുരുവിനെ തിരിച്ചറിയുക എന്നതാണ് പരമപ്രധാനം. അവർ മാധ്യമങ്ങളിലെ വെള്ളിവെളിച്ചത്തിൽ എപ്പോഴും തിളങ്ങുന്നവരാകണമെന്നില്ല. അത്തരമൊരാളെ പിന്തുടരുമ്പോൾ നാം സ്വയം ഒരു ഗുരുവായി മാറുന്നു. ഒരു വിളക്ക് മറ്റൊരു വിളക്കിന് നാളം പകർന്ന് രണ്ടും ഒരു പോലെ എരിയുന്നതു പോലെ.